## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2517 09/07/2015 ൽ മറുപടിക്ക്

### സ്കൂളുകളിലെ കായിക പഠനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ. ഖാദർ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | എല്ലാ സ്കൂളുകളിലും കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | എ) | ഉണ്ട് |
| ബി) | സ്കൂളുകളിൽ കായിക പഠനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ, മികച്ച കായിക താരങ്ങളെ വാർത്തെടുക്കുന്നതിന് സ്കൂൾ തലത്തിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | ബി) | പ്രത്യേക പദ്ധതികൾ എല്ലാ സ്കൂളുകളിലും നിലവിലില്ല. എന്നാൽ സ്പോർട്സ് വകുപ്പുമായി ബന്ധപ്പെട്ട സ്പോർട്സ് സ്കൂളുകൾ, സ്പോർട്സ് അക്കാഡമികൾ എന്നിവയിലൂടെ ധനസഹായം ഉൾപ്പെടെയുള്ള പ്രത്യേക പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. |
| സി) | കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകളിൽ ആയതിന് നീക്കിവച്ചിട്ടുള്ള പീരിഡുകളിൽ മറ്റുവിഷയങ്ങൾ പഠിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇല്ല |
| ഡി) | ഇത്തരം സ്കൂളുകളിൽ നിശ്ചയിച്ച സമയം കായിക പഠനത്തിനുതന്നെ വിനിയോഗിക്കുന്നതിന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ; കായികാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ അവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ